# കൃഷ്ണാട്ടത്തിലെ പാട്ട്

എൽ. എസ്. രാജഗോപാലൻ

പല കാരണങ്ങളാലും കൃഷ്ണഗീതി പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു സംഗീത കൃതിയാണ്. വാക്ഗേയകാരൻ തന്നെ രാഗവും താളവും നിശ്ചയിച്ചിട്ടുള്ള സംഗീത കൃതികൾ കേരളത്തിൽ ഇതിന്ന് മുമ്പ് ഉള്ളതായി അറിവില്ല. ഇത് രചിക്കപ്പെട്ടത് 1654 A.Dയിൽ ആണ്. കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികൾക്ക് മുമ്പാണത്. മേളകർത്താ പദ്ധതിയുടെ ഉപജ്ഞാതാവായ വെങ്കടമഖിയുടെ കാലമാണത്. അതിനാൽ ഭാരതീയ സംഗീതത്തിൽതന്നെ കൃഷ്ണഗീതിക്ക് ഒരു നല്ല സ്ഥാനമുണ്ട്.

ഇതിൽ കാണുന്ന രാഗങ്ങളും താളങ്ങളും 350 കൊല്ലങ്ങൾക്കു മുമ്പ് കേരളത്തിൽ നിലവിൽ ഉണ്ടായിരുന്നവയാണ് എന്ന് തീർച്ചയാണല്ലോ. അന്ന് അതിലെ പാട്ടുകൾ എങ്ങനെ പാടിയിരുന്നു എന്ന് നമുക്ക് ശരിക്ക് അറിവില്ല. എങ്കിലും അത് സോപാനരീതിയിൽ ആയിരുന്നു എന്നു പറഞ്ഞാൽ തെറ്റ് ഉണ്ടാവില്ല. അന്നത്തെ രാഗങ്ങളും താളങ്ങളും ശൈലിയുമെല്ലാം നിലനിർത്തി പോരേണ്ടത് നമ്മുടെ കടമയാണ്. അവ ഏതെല്ലാമാണെന്ന് നാം അറിയുന്നത് മുഖ്യമായും രണ്ട് പുസ്തകങ്ങളിൽ നിന്നും ഒരു താളിയോല ഗ്രന്ഥത്തിൽ നിന്നുമാണ്:

1. 1914 മംഗളോദയം പ്രസിദ്ധീകരിച്ച പി. എസ്. അനന്തനാരായണ ശാസ്ത്രി എഡിറ്റ് ചെയ്ത പുസ്തകം.
2. 1965 പ്രൊഫ. പി. സി. വാസുദേവൻ ഇളയത് പ്രസിദ്ധീകരിച്ച പുസ്തകം.
3. കൃഷ്ണാട്ട കളരിയിൽ സൂക്ഷിച്ചിട്ടുള്ളതും 1019 M.E.യിൽ പകർത്തി എഴുതിയതുമായ താളിയോല ഗ്രന്ഥം.

ചില കാര്യങ്ങൾ കണക്കിൽ എടുക്കുമ്പോൾ ശ്രീ അനന്തനാരായണ ശാസ്ത്രിയുടേത് ഏറ്റവും പഴക്കം കൂടിയ ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. മൂന്നോ നാലോ പാട്ടുകൾ ഒഴിച്ചാൽ ബാക്കി എല്ലാറ്റിനും രാഗ-താളങ്ങൾ അതേപടിയാണ് താളിയോല ഗ്രന്ഥത്തിലും കാണുന്നത്.

ഇളയത് മാസ്റ്ററുടെ പുസ്തകത്തിൽ കൊടുത്തിട്ടുള്ള രാഗങ്ങൾ അന്ന് (1965) ആശാന്മാർ പാടിയിരുന്നവയാണ് എന്ന് മാസ്റ്റർ അവതാരികയിൽ പറഞ്ഞിട്ടുണ്ട്; പക്ഷേ ഗ്രന്ഥത്തിൽ നിന്ന് നാലെണ്ണത്തിന്ന് മാത്രമേ മാറ്റമുള്ളൂ.

എന്നാൽ ഇപ്പോൾ പാടിവരുന്നതിൽ ഏതാണ്ട് മുപ്പതെണ്ണത്തോളം പാട്ടുകളുടെ രാഗം മാറ്റിയാണ് പാടുന്നത്. അവയിൽ ഇപ്പോൾ അറിയപ്പെടാത്ത ഏഴോ എട്ടോ രാഗങ്ങൾ ഉണ്ട്. അവയെ കണക്കിൽ എടുക്കാതെ തന്നെ ഇരുപതിലധികം പാട്ടുകൾക്കു രാഗം മാറ്റിയാണ് ഇപ്പോൾ പാടിവരുന്നത്.

കേരളത്തിലെ ആദ്യത്തെ സംഗീതകൃതി എന്ന നിലയ്ക്ക് അത് ഒരു പുരാവസ്തുവിനെപ്പോലെ മാറ്റങ്ങൾ ഒന്നും വരുത്താതെ പ്രത്യേകം ശ്രദ്ധിച്ച് സൂക്ഷിക്കേണ്ടതല്ലേ? ഇത് ഒരു ദൃശ്യകലയും ആണ്. അതിന്റെ തനിമ നിലനിർത്തേണ്ടതല്ലേ?

ഗ്രന്ഥത്തിൽ കാണുന്ന പാട്ടുകളുടെ രാഗങ്ങൾ:

ആഹിരി ഇന്ദളം ഇന്ദിശ<br>
കാനക്കുറുഞ്ഞി കാംബോദി (കാംബോദരി, ഗാംബോധി etc. )<br>
കേദാരഗൗഡം കേദാരപന്ത് കുറുഞ്ഞി<br>
ഘണ്ടാരം ഘണ്ടാരമാളവം ധനാശി<br>
നാട്ട നാദരാമാഗ്രി പന്തായി(രി) (പന്തു + ആയിരി)<br>
പന്തുവരാളി പാടി ഭൂപാളം<br>
ഭൈരവി മലഹരി മദ്ധ്യമാവതി<br>
മാളവഗൗഡം മേച്ചിൽബൗളി മുഖാരി<br>
രാമാഗ്രി വരാളി ശങ്കരാഭരണം<br>
സാമന്തമലഹരി സാവേരി സൗരാഷ്ട്രം<br>
എന്നിവയാണ്.

ഇവയല്ലാതെ ഇപ്പോൾ പാടിവരുന്ന രാഗങ്ങൾ:

| | | |
|---|---|---|
| ദ്വിജാവന്തി | നാട്ടക്കുറുഞ്ഞി | ആനന്ദഭൈരവി |
| നവരസം | കല്യാണി | യദുകുലകാംബോജി |
| ബിലഹരി | തോഡി | ദേവഗാന്ധാരി |
| നീലാംബരി | സാരംഗം | പൊറനീർ . |

താളങ്ങൾ കൊടുത്തവ:

ഏകം ചെമ്പ പഞ്ചാരി അടന്ത ത്രിപുട ചെമ്പട

എന്നിവ മാത്രമാണ്. ഇതിൽ കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. ഏകം ചിലപ്പോൾ ചെമ്പടയായി പിടിക്കും എന്നും (മറ്റും) ചില ചെറിയ പ്രായോഗിക സൗകര്യങ്ങൾ മാത്രം.

രാഗങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായി ചിലതുണ്ട്. ഗ്രന്ഥത്തിൽ കാണുന്ന ചില രാഗങ്ങളുടെ സ്വരൂപം എന്താണെന്ന് ഇപ്പോൾ അറിവില്ലാതെ ആയിരിക്കുന്നു:

ഇന്ദിശ കേദാരപ്പന്ത് പന്തായി(രി)

സാമന്തമലഹരി ഘണ്ടാരമാളവി .

ഇതിൽ ഘണ്ടാരമാളവി ഒരു രാഗമാണോ അല്ല ഘണ്ടാരമെന്നും മാളവി എന്നും രണ്ടാണോ എന്നും പറയുവാൻ വയ്യ. പുസ്തകത്തിൽ ഘണ്ടാരമാളവി എന്നും ഗ്രന്ഥത്തിൽ ഘണ്ടാരമാളവാഭ്യാം എന്നും കാണുന്നു. മാളവി എന്നു കർണാടകസംഗീതത്തിൽ ഒരു രാഗമുണ്ട്.

പിന്നെ മേച്ചിൽബൗളി എന്നൊരു രാഗം കാണുന്നുണ്ട്. ഇത് കർണാടകസംഗീതത്തിൽ ഉള്ള മേചബൗളിയാണ്. ഇത് ഇപ്പോൾ പാടുന്നില്ലെങ്കിലും ലക്ഷണഗീതത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് വീണ്ടെടുക്കുവാൻ കഴിയും.

മലഹരി എന്ന ഒരു രാഗവും കാണുന്നുണ്ട്. ഇത് കർണാടകസംഗീതത്തിൽ നല്ലപോലെ പ്രചാരമുള്ള മലഹരി ആയിരിക്കില്ല എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, കഥകളിക്കാരും മലഹരി പാടുന്നില്ല. അതിനു പകരം അവർ ദേവഗാന്ധാരിയാണ് പാടുന്നത്. അതുപോലെ സാമന്തമലഹരിയ്ക്ക് പകരം കഥകളിയിൽ നീലാംബരി പാടി വരുന്നു.

രാമാഗ്രി എന്ന് ഒരു രാഗം കാണുന്നുണ്ട്. ഇത് പന്തുവരാളിയുടെ പണ്ടത്തെ പേരാണ്. അത് ഇപ്പോഴും പന്തുവരാളിയിൽത്തന്നെ കൃഷ്ണാട്ടത്തിന്ന് പാടിവരുന്നു.

കൃഷ്ണാട്ടത്തിന്ന്, കൃഷ്ണഗീതിയിൽ നിന്ന് അറുപത്തിരണ്ടു പദങ്ങളും, രാഗതാളങ്ങളോടും കൂടി പത്ത് ശ്ളോകഗീതങ്ങളും പാടുന്നുണ്ട്. അറിയപ്പെടാത്ത രാഗങ്ങളിൽ ഉള്ള പത്ത് പാട്ടുകൾ ഒഴികെ ബാക്കി അറുപതോളം പാട്ടുകൾ നമുക്ക് അറിയാവുന്ന രാഗങ്ങളിലാണ്. എന്നിരുന്നാലും ഇപ്പോൾ ഏതാണ്ട് ഇരുപതോളം പാട്ടുകൾ രാഗങ്ങൾ മാറ്റിയാണ് പാടുന്നത്. കവി നിശ്ചയിച്ച പഴയ രാഗങ്ങളിൽത്തന്നെ പാടുന്നതാണ് ന്യായം.

കളരിയിൽ ഉള്ള ഗ്രന്ഥത്തിൽ നിന്ന് ഇളയത് മാസ്റ്റർ പുസ്തകം എഴുതുമ്പോൾ മൂന്നോ നാലോ എണ്ണത്തിനു മാത്രമേ രാഗം മാറ്റിയിട്ടുള്ളൂ. പക്ഷേ, ഇപ്പോൾ അതിൽ നിന്ന് പോലും (ഇരുപത് എണ്ണത്തിനു മീതെ) രാഗം മാറ്റിയിട്ടുണ്ട്. കഴിഞ്ഞ ഇരുപത്തഞ്ച് കൊല്ലത്തിനിടയ്ക്ക് സംഭവിച്ച മാറ്റമാണിത്.

1943ൽ ഡോ. വി. രാഘവൻ കൃഷ്ണഗീതിയിലെ രാഗങ്ങളെക്കുറിച്ച് മദിരാശി മ്യൂസിക് അക്കാദമി ജർണലിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. പിന്നീട് അദ്ദേഹം ഇന്ദിശ, പന്തായിരി മുതലായ അറിയപ്പെടാത്ത രാഗങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ ഗുരുവായൂർ വന്ന് അവ പാടി കേൾക്കുകയും പാട്ടിന്റെ നിലവാരം വളരെ മോശമായതിനാൽ ഒന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നു എന്നെ അറിയിക്കുകയുണ്ടായി എന്നും ഇവിടെ പറഞ്ഞുകൊള്ളട്ടെ.

കൃഷ്ണാട്ടത്തിന്റെ പാട്ട് ഒന്നു മെച്ചപ്പെടുത്തുവാൻ കുറച്ച് കൊല്ലങ്ങൾക്കു മുമ്പ് ദേവസ്വത്തിൽനിന്ന് രണ്ടു കഥകളിപ്പാട്ടുകാരെ നിയമിച്ചിരുന്നു. പ്രത്യേകിച്ച് ഒരു വിദേശപര്യടനം നടത്തുന്നതിന് വേണ്ടിയായിരുന്നുവത്രേ അത്. ഉദ്ദേശ്യം നല്ലതു തന്നെ. അരങ്ങത്തു പാടുന്ന നിലവാരം അതുകൊണ്ട് കുറച്ച് മെച്ചപ്പെട്ടിട്ടുണ്ട്. പക്ഷെ രാഗങ്ങൾ മാറ്റണം എന്ന് ദേവസ്വത്തിൽ നിന്ന് നിർദ്ദേശിച്ചിട്ടുണ്ടാവും എന്ന് തോന്നുന്നില്ല. രാഗങ്ങൾ മാറ്റേണ്ട ആവശ്യം എന്ത്, അതിന്നുള്ള മാനദണ്ഡം എന്ത് എന്നും മറ്റും കാര്യമായി ആലോചിക്കേണ്ട വിഷയങ്ങളാണ്. രാഗങ്ങളെ ഉപയോഗിക്കേണ്ട രീതിയെപ്പറ്റി വ്യക്തിപരമായി നമുക്ക് എന്തഭിപ്രായം ഉണ്ടായാലും കേരളത്തിലെ ഏറ്റവും പഴക്കം കൂടിയതും, ഗുരുവായൂർ അമ്പലത്തിൽ

ഒരു ചടങ്ങായി വർത്തിക്കുന്നതും ആയ കൃഷ്ണാട്ടത്തിൽ പഴയ രാഗങ്ങൾ തന്നെ നില നിർത്തേണ്ടതാണ്. അതിനാൽ കഴിയുന്നതും പഴയ രാഗങ്ങൾ തന്നെ ഉപയോഗിക്കുകയും, ഇപ്പോൾ അറിയപ്പെടാത്ത രാഗങ്ങൾക്കു പകരം ഏതു രാഗങ്ങൾ വേണമെന്ന് തീർച്ചയാക്കുകയും ചെയ്യേണ്ടതുണ്ട്.

പദങ്ങൾ അല്ലാതെ കൃഷ്ണഗീതിയിൽ നിന്ന് വളരെ ശ്ലോകങ്ങൾ (ഏതാണ്ട് 250 ) രാഗത്തോടു കൂടി പാടാറുണ്ട്. ഈ ശ്ലോകങ്ങൾക്ക് ഇന്ന രാഗം വേണം എന്നു കവി നിശ്ചയിച്ചിട്ടില്ല. കളരിയിലെ ഗ്രന്ഥത്തിലും കാണുന്നില്ല. അതിനാൽ പാട്ടുകാർ സന്ദർഭത്തിന് യോജിച്ചതായ ഏതു രാഗത്തിൽ പാടിയാലും നമുക്ക് തെറ്റ് പറയുവാൻ വയ്യ. പക്ഷെ ഇവിടെ അവർ മനോധർമ്മം ഉപയോഗിച്ച് വേണ്ടത്ര വൈവിദ്ധ്യം വരുത്തുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. പകുതിയോളം ശ്ലോകങ്ങൾ കേദാരഗൗള രാഗത്തിലാണ് പാടുന്നത്. പണ്ട് ശ്ലോകം പാടുക എന്നു പറഞ്ഞാൽ സാധാരണഗതിയിൽ കേദാരഗൗളം രാഗം മാത്രമാണ് ഉപയോഗിച്ചിരുന്നത് എന്നു തോന്നുന്നു. അതിനാലായിരിക്കാം, മിക്ക ശ്ലോകങ്ങളും കേദാരഗൗളത്തിൽ പാടി വരുന്നത്. ഇതിൽ ഒരു കാര്യം എടുത്തു പറയേണ്ടി ഇരിക്കുന്നു. പാടി രാഗം ഒരു മിശ്രരാഗമാണ്; രണ്ടു മൂന്നു രാഗങ്ങൾ ചേർന്നതാണത്. അവയിൽ ഒന്നു് കേദാരഗൗളമാണ്. ശ്രദ്ധക്കുറവോടെ കേദാരഗൗളം പാടിയാൽ അത് പാടി രാഗത്തിലേക്ക് കടന്നു ചെല്ലും. അതിനാൽ അരങ്ങത്ത് പാടി രാഗത്തിന്റെ പിടികൾ ഇടയ്ക്കിടയ്ക്ക് കേട്ടുകൊണ്ടേ ഇരിക്കുന്നു.

പദം പാടുന്നതിന് തൊട്ടു മുമ്പുള്ള ശ്ലോകം പദം പാടുന്ന രാഗത്തിൽ തന്നെയാണ് എന്നു പറഞ്ഞുകൊള്ളട്ടെ. അതിനാൽ 250 ശ്ലോകങ്ങളിൽ നിന്ന് ഏതാണ്ട് 70 എണ്ണം നീക്കി ബാക്കി 180 എണ്ണത്തിന്നാണ് രാഗം നിശ്ചയിക്കേണ്ടി ഇരിക്കുന്നത്. പദങ്ങൾക്ക് പണ്ട് നിശ്ചയിച്ചിട്ടുള്ള രാഗങ്ങളല്ലാതെ ശ്ലോകം പാടുന്ന രാഗങ്ങളിൽ

| | | |
|---|---|---|
| ദേവഗാന്ധാരി | ആനന്ദഭൈരവി | പുറനീർ |
| ശുരുട്ടി | മോഹനം | സാരംഗം |
| നാട്ടക്കുറുഞ്ഞി | നീലാംബരി | ശഹാന |
| ദ്വിജാവന്തി | ധന്യാസി | ബിലഹരി |
| യദുകുലകാംബോജി | | |

എന്നിവ പെടുന്നു.

ഒരു പ്രത്യേകത എടുത്തു പറയട്ടെ. രാസക്രീഡയിൽ ഒരു ശ്ലോകഗീതത്തിന് ആറ് രാഗങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട് - ഗ്രന്ഥത്തിൽത്തന്നെ: ഭൈരവി, ഭൂപാളി, ഇന്ദിശ, കാനക്കുറുഞ്ഞി, സൗരാഷ്ട്രം, ഇന്ദളം. ഇപ്പോൾ കഥകളിയിൽ പല ചരണങ്ങൾക്ക് പല രാഗത്തിലായി പാടുവാനുള്ള പ്രവണത കൂടുതൽ ആയിരിക്കുന്നു. ഇത് മാനവേദൻ തന്നെ തുടങ്ങിവെച്ചതാണെന്നത് ചിലർക്കെങ്കിലും ആശ്വാസം നൽകുമായിരിക്കും.

കൃഷ്ണാട്ടത്തിൽ രാഗം ആലപിച്ച് ശ്ലോകം, പദം എന്ന ക്രമത്തിൽ പാടി വരുന്നുണ്ട്. എന്നാൽ, ഒരിടത്ത് ഒരു പ്രത്യേകത കാണുന്നുണ്ട്. സ്വയംവരം കഥയിൽ യവനന്റെ ഒരു പദം മൂന്നു കാലത്തി(വിളംബം, മദ്ധ്യമം, ദ്രുതം)ലും പാടുകയും അതിന്നു ശേഷം രാഗം ആലപിക്കുകയും ചെയ്യുന്നു.

കൃഷ്ണഗീതിയിൽ പദങ്ങൾക്ക് പല്ലവം (പല്ലവി), ചരണം എന്നു് രണ്ട് വിഭാഗമുള്ള പദങ്ങൾക്കു പുറമെ ചില ശ്ലോകഗീതങ്ങളേയും രാഗതാളങ്ങളോടെ പാടി വരുന്നുണ്ട്.

കൃഷ്ണാട്ടത്തിൽ കഥാരംഭത്തിന് മുമ്പായി തോടയം പാടാറും ആടാറും ഉണ്ട്. പുസ്തകത്തിൽ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. നാട്ട രാഗത്തിലാണ് ഇത് തുടങ്ങുന്നത്. എന്നാൽ ഇപ്പോൾ നാട്ട രാഗം പാടുന്നത് അത്ര ശരിയാവുന്നില്ല.

ഇപ്പോൾ പല പദങ്ങളുടേയും രാഗം മാറ്റി പാടുന്നു എന്നു പറഞ്ഞുവല്ലോ. ചിലത് നമുക്ക് പരിശോധിക്കാം. തുടക്കത്തിൽ തന്നെ ഉള്ള ഭൂമിദേവി ബ്രഹ്മാവിനോട് സങ്കടം പറയുന്ന പദം *ത്രപയാ ലപിതും* എന്നത് പാടി രാഗത്തിലായിരുന്നു. അത് ഇപ്പോൾ ദ്വിജാവന്തിയിലാക്കിയിട്ടുണ്ട്.

അവതാരത്തിൽ പൂതന കൃഷ്ണനെ മുലപ്പാലൂട്ടുന്ന പദം നാഥനാമക്രിയയിൽ ആയിരുന്നു. അത് മാറ്റി നവരസത്തിൽ ആക്കിയിട്ടുണ്ട്. നാഥനാമക്രിയയിൽ തന്നെ ഉള്ള വേറെ രണ്ട് പദങ്ങൾ കല്യാണി +യദുകുലകാംബോജി, മദ്ധ്യമാവതി എന്നും മറ്റും ആയി മാറ്റിയിട്ടുണ്ട്.

രാസക്രീഡയിൽ കാനക്കുറുഞ്ഞിയിൽ ഉള്ള ഒരു പദം ആനന്ദഭൈരവിയിലും സ്വർഗ്ഗാരോഹണത്തിൽ ഒരു പദം നാട്ടക്കുറുഞ്ഞിയിലും പാടുന്നു.

കാളിയന്റെ ഭാര്യമാർ ശ്രീകൃഷ്ണനോട് അപേക്ഷിക്കുന്ന ഒരു പദം സൗരാഷ്ട്ര രാഗത്തിൽ ആയിരുന്നു. സൗരാഷ്ട്രം പുള്ളുവന്മാർ സാധാരണ ഉപയോഗിക്കുന്ന ഒരു രാഗമാണ് എന്ന് ഇവിടെ പറഞ്ഞുകൊള്ളട്ടെ. അത് ഇപ്പോൾ ആനന്ദഭൈരവിയിലാണ് പാടുന്നത്.

ആഹിരിയിൽ ഉള്ളതെല്ലാം മാറ്റി ഭൈരവി, ഭൂപാളം, തോഡി എന്നിവയിൽ പാടുന്നു. കർണാടകസംഗീതത്തിലെ ആഹിരിയും കേരളത്തിൽ നിലവിലുള്ള ആഹിരിയും തമ്മിൽ കുറച്ച് വ്യത്യാസമുണ്ട് എന്നും ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

കാംബോജിക്കു പകരം മുഖാരി, ആനന്ദഭൈരവി എന്നും മറ്റും മാറ്റം വരുത്തിയിട്ടുണ്ട്.

സാമന്തമലഹരി, ഇന്ദിശ, കേദാരപന്ത്, മലഹരി മുതലായവയ്ക്ക് പകരം പാടുന്ന രാഗങ്ങളുടേയും ഔചിത്യം പ്രത്യേകം നോക്കേണ്ടതുണ്ട്.

കാളിദാസൻ
*ഏകോഹി ദോഷോ ഗുണസന്നിപാതേ*
*നിമജ്ജതീന്ദോ കിരണേഷ്വിവാങ്കഃ*
എന്ന് പണ്ട് പറഞ്ഞത് കൃഷ്ണാട്ടത്തിന്റെ കാര്യത്തിൽ മറിച്ചു പറയേണ്ടി ഇരിക്കുന്നു. പാട്ടിന്റെ നിലവാരക്കുറവ് കൊണ്ട് കൃഷ്ണാട്ടത്തിന്റെ ബാക്കി നല്ല കാര്യങ്ങളും നിഷ്പ്രഭമായി പോകുന്നുണ്ട്. ഇത് എത്രയും വേഗം മാറ്റേണ്ടത് ആവശ്യമാണ്.

പാടുന്ന രീതിയിൽ പല പോരായ്മകളും ഉണ്ട്. അവ എന്തെല്ലാമാണ് എന്ന് ഭാഗവതർമാർ തന്നെ ഇവിടെ പാടി കേൾക്കുമ്പോൾ അറിയാവുന്നതാണ്. പാടുന്നതിന്റെ നിലവാരം ഉയർത്തുവാൻ ഉള്ള നിർദ്ദേശങ്ങൾ മാന്യ ശ്രോതാക്കൾ തരണം എന്ന് അഭ്യർത്ഥിക്കുന്നു.

ചുരുക്കം ഇതാണ്: കൃഷ്ണഗീതിയിൽ ഗ്രന്ഥകർത്താവ് നിശ്ചയിച്ചിട്ടുള്ള രാഗങ്ങൾക്കു മുപ്പതോളം പദങ്ങളിൽ ഇപ്പോൾ മാറ്റം വന്നു കാണുന്നുണ്ട്. അവയിൽ ഇരുപതോളം രാഗങ്ങൾ കവി നിർദ്ദേശമനുസരിച്ച് പഴയ മട്ടിലാക്കേണ്ടാണ്. ഇപ്പോൾ നടപ്പില്ലാത്ത പത്തോളം രാഗങ്ങൾക്ക് ഇപ്പോൾ പാടി വരുന്ന രാഗങ്ങൾ തന്നെ മതിയോ? ഏതിനെങ്കിലും മാറ്റം വരുത്തേണ്ടത് ആവശ്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.

ശ്ളോകങ്ങൾക്കും ഉപയോഗിക്കേണ്ട രാഗങ്ങൾ അതാത് ശ്ളോകത്തിന്റെ ആരംഭത്തിൽ കഥാസന്ദർഭമനുസരിച്ച് ചേർത്തു വെക്കേണ്ടതുമുണ്ട്.

[1989 നവംബർ 13ന് കൃഷ്ണഗീതി ദിനാഘോഷത്തോടനുബന്ധിച്ച് ഗുരുവായൂരിൽ സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. ]

പുസ്തകങ്ങൾ:


1. ശാസ്ത്രി: മംഗളോദയം പ്രസിദ്ധീകരിച്ച പി. എസ്. അനന്തനാരായണ ശാസ്ത്രി എഡിറ്റ് ചെയ്ത പുസ്തകം (1914).
2. ഇളയത്: പ്രൊഫ. പി. സി. വാസുദേവൻ ഇളയത് പ്രസിദ്ധീകരിച്ച പുസ്തകം (1965). ഗുരുവായൂർ ദേവസ്വം പുനഃ പ്രസിദ്ധീകരിച്ചത് (1986).
3. ഗ്രന്ഥം: കൃഷ്ണാട്ട കളരിയിൽ സൂക്ഷിച്ചിട്ടുള്ളതും 1019 M.E.യിൽ പകർത്തി എഴുതിയതുമായ താളിയോല ഗ്രന്ഥം.
4. ആട്ടപ്രകാരം: ആശാന്മാർ എഴുതിവെച്ചിട്ടുള്ള കയ്യെഴുത്ത് പ്രതി (ദേവസ്വത്തിൽ).



എൽ. എസ്. രാജഗോപാലൻ
ലക്ഷ്മി നിവാസ്
ഗണപതി അഗ്രഹാരം
പൂങ്കുന്നം
തൃശ്ശൂർ – 682002

കൃഷ്ണാട്ടത്തിലെ രാഗങ്ങളുടെ പട്ടിക:

അവതാരം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | ത്രപയാലപിതു | പാടി | പാടി | പാടി | പാടി | ദ്വിജാവന്തി |
| 2. | അനൃശംസ നനു | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | ശങ്കരാഭരണം |
| 3. | പരിപാണ്ഡു പയോധര | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി |
| 4. | ബോധ മയാവ്യയ | മേചബൗളി | മേച്ചിൽബൗളി | സൗരാഷ്ട്രം | സൗരാഷ്ട്രം | ഭൂപാളം (ബൗളി) |
| 5. | മഹിത ശിരോധൃത | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാമോദരി | കാമോദരി | രാഗമാലിക |
| 6. | ജഗദാനന്ദന നന്ദന | രാമാഗ്രി | രാമാഗ്രി | പന്തുവരാളി | പന്തുവരാളി | പന്തുവരാളി |
| 7. | അതിലോഭനമയി | ഗാംബോധി | നാഥരാമാഗ്രി | നാഥനാമക്രിയ | നാഥനാമക്രിയ | നവരസം |
| 8. | ഹന്ത സുത കിം | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ബിലഹരി |
| 9. | ബാലസോമഭാസമാന | പന്തായിരി | പന്തായിരി | ആഹിരി | ആഹിരി | ആഹിരി |
| 10. | പാദാംബുജേന | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗളം |
| 11. | ഏഹി കുമാര മുദാ | പാടി | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം |
| 12. | നന്ദനന്ദനേഹ | ശങ്കരാഭരണം | സാവേരി | സാവേരി | സാവേരി | സാവേരി |
| 13. | ത്വത്സുതേ നാമുനാ | മലഹരി | മലഹരി | മലഹരി | മലഹരി | തോഡി |
| 14. | മഹിതവംശേ വിഹിത | – | മുഖാരി | മുഖാരി | മുഖാരി | മുഖാരി |

കൃഷ്ണാട്ടത്തിലെ രാഗങ്ങളുടെ പട്ടിക:

കാളിയമർദ്ദനം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | അഹിനി ച കുഹചന | ആഹിരി | ആഹിരി | ആഹിരി | ആഹിരി | ഭൈരവി |
| 2. | ബകനാമക ദനുജോ | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം |
| 3. | ഘനകമനരോചിഷേ | മുഖാരി | മുഖാരി | മുഖാരി | മുഖാരി | മുഖാരി |
| 4. | അവലോകയതോ | – | – | വരാളി | – | വരാളി |
| 5. | അംബരചുംബക | പാടി | വരാളി | വരാളി | വരാളി | വരാളി |
| 6. | ഭോഗനാംനി | കാംബോദരി | കാമോദരി | കാംബോദരി | കാംബോദരി | കാംബോജി |
| 7. | വിരചിതശമലേ | സൗരാഷ്ട്രം | സൗരാഷ്ട്രം | സൗരാഷ്ട്രം | സൗരാഷ്ട്രം | ആനന്ദഭൈരവി |
| 8. | ചേലജാലമഖില | നാദരാമാഗ്രി | നാദരാമാഗ്രി | നാദരാമാഗ്രി | നാഥനാമക്രിയ | കല്യാണി + യദുകുലകാംബോജി |
| 9. | ആഗമനം പുനരുദിത | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | – |
| 10. | താത ഹേ ശൃണു | ഭൂപാളം | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി |
| 11. | അവനി സുരാവലി | ഘണ്ടാര മാളവം | കൺഠാര മാളവി രാഗാഭ്യാം | ഘണ്ടാര മാളവം | ഘണ്ടാര മാളവം | ഘണ്ടാരം |
| 12. | പശുപലോക | മാളവഗൗഡം | മാളവഗൗളം | മാളവഗൗളം | മായാമാളവഗൗളം | മദ്ധ്യമാവതി |

കൃഷ്ണാട്ടത്തിലെ രാഗങ്ങളുടെ പട്ടിക:

രാസക്രീഡ

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | മധുരതര മുരളിക | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം |
| 2. | സ്വാഗതമുദയതു | കേദാരപന്തു | കേദാരപ്പന്ത് | കേദാരപന്ത് | കേദാരപന്ത് | നീലാംബരി |
| 3. | ഭുവനകമനാകൃതേ | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ദ്വിജാവന്തി |
| 4. | ത്വമശോക നിശാമയ | നാദരാമഗ്രി | നാദരാമഗ്രി | നാഥനാമാഗ്രി | നാഥനാമാഗ്രി | മായാമാളവഗൗളം |
| 5. | ക്വനു ഭവാനിമ | – | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | ആനന്ദഭൈരവി |
| 6. | ആഭീരികാ നിയത | സൗരാഷ്ട്രം | സൗരാഷ്ട്രം | സൗരാഷ്ട്രം | സൗരാഷ്ട്രം | സൗരാഷ്ട്രം |
| 7. | പാണികമലതാള | ഘണ്ടാരം | ഘണ്ടാരം | ഘണ്ടാരം | ഘണ്ടാരം | നവരസം |
| 8. | ശ്രുതിയുഗസുഖ | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗഡം | കേദാരഗൗളം |
| 9. | വാമലോചനാ | ഭൈരവി, ഭൂപാള<br>ഇന്ദിശ<br>കാനക്കുറുഞ്ഞി | ഭൈരവി, ഭൂപാളി<br>ഇന്ദിശ<br>കാനക്കുറുഞ്ഞി<br>രാഗേണ | ഭൈരവി, ഭൂപാളി<br>ഇന്ദിശ, ഇന്ദളം<br>കാനക്കുറുഞ്ഞി<br>സൗരാഷ്ട്രം | സൗരാഷ്ട്രം<br>ഇന്ദളം | ഭൈരവി<br>കല്യാണി |
| 10. | തദാ കാചിദ് | കാമോദരി | കാമോദരി<br>മുഖാരി | കാമോദരി | കാമോദരി | മുഖാരി |
| 11. | വിസൃജന്നതനു | ഗാംബോധി | കാംബോധരി | കാംബോധി | ഗാംബോധി | കാംബോജി |
| 12. | നതവല്ലവജനപദ | ധനാശി | ധനാശി | ധനാശി | – | പുറനീർ |

കംസവധം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | നരദേവ വൃഥാ | – | പന്തുവരാളി | പന്തുവരാളി | പന്തുവരാളി | പന്തുവരാളി |
| 2. | സുചരിതം വിചരിതം | കേദാരഗൗളം | കേദാരഗൗഡം | കേദാരഗൗളം | കേദാരഗൗളം | കേദാരഗൗളം |
| 3. | നനുവിധേ ദയാ | കാംബോജി | കാംബോദരി | കാംബോധി | കാംബോജി | ആനന്ദഭൈരവി |
| 4. | മുരനരകമഥന | പാടി | പാടി | പാടി | – | – |
| 5. | സാരവിസാരവരാകൃതി | മലഹരി | മലഹരി | മലഹരി | – | ദേവഗാന്ധാരി<br>മദ്ധ്യമാവതി |
| 6. | അഗധര ഹലധര | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | | ശങ്കരാഭരണം |
| 7. | സഖിയോ വിലോകയതി | മുഖാരി | മുഖാരി | മുഖാരി | – | മുഖാരി |
| 8. | അപഗമിത ഭൂരിമദ | നാട്ട | നാട്ട | നാട്ട | | നാട്ട |
| 9. | ജനനി വിഭോ ജനക | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി | നാട്ടക്കുറുഞ്ഞി |

കൃഷ്ണാട്ടത്തിലെ രാഗങ്ങളുടെ പട്ടിക:

സ്വയംവരം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | ധൃതദൂരിതനൂത | മലഹരി | മലഹരി | മലഹരി | മലഹരി | ദേവഗാന്ധാരി<br>കല്യാണി |
| 2. | പ്രഹിതവാനയേ | കാമോദരി | കാമോദരി | കാമോദരി | കാമോദരി | കാംബോജി |
| 3. | ശരണാഗതശരണ | മുഖാരി | മുഖാരി | മുഖാരി | മുഖാരി | മുഖാരി |
| 4. | അഹമയി ദയിതാ | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ഇന്ദിശ | ആനന്ദഭൈരവി |
| 5. | താമഥ സ ചാരുതര | – | – | തോടി | തോടി | തോടി |
| 6. | അഥ കോപവതാ | sloka | – | കേദാരഗൗഡം | കേദാരഗൗളം | മദ്ധ്യമാവതി |
| 7. | ത്വാമകലയേ | കേദാരഗൗള | കേദാരഗൗളം | കേദാരഗൗഡം | – | ഭൂപാളം |
| 8. | ദയിതേ ജനമിമമയി | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | |

ബാണയുദ്ധം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | മുഖരം സ്വദരം | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി | ഭൈരവി |
| 2. | പുരുഷവര കോ ഭവാൻ | ഘണ്ടാരം | ഘണ്ടാരം | ഘണ്ടാരം | ഘണ്ടാരം | ഘണ്ടാരം<br>സവേരി |
| 3. | ഹേ ദേവ ദേവ ജയ | – | – | ഘണ്ടാരം | not sung | not used |
| 4. | കലിതനദീവരകപിശ | പാടി | പാടി | പാടി | പാടി | പാടി |
| 5. | സകലശമലഹരണ | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി |
| 6. | ജഗദുദയഭൃതിവിലയ | കുറുഞ്ചി | കാനക്കുറുഞ്ഞി | കുറുഞ്ഞി | കുറുഞ്ഞി | മോഹനം |
| 7. | തവഹരേ മായാ | മാളവഗൗഡ | മാളവഗൗഡം | മാളവഗൗഡം | മാളവഗൗളം | മദ്ധ്യമാവതി<br>മുഖാരി<br>നീലാംബരി |
| 8. | ശൃണുതാദരതോ | ആഹിരി | ആയിരി | ആഹിരി | ആഹിരി | ഭൂപാളം |

കൃഷ്ണാട്ടത്തിലെ രാഗങ്ങളുടെ പട്ടിക:

വിവിദവധം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | ധരണീരമണീയമണീ | മുഖാരി | മുഖാരി | മുഖാരി | മുഖാരി | മുഖാരി<br>സാവേരി |
| 2. | സഹിതാം സഹസാ | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം | ശങ്കരാഭരണം |
| 3. | നാദേയമപി ച | നാട്ട രാഗം | നാട്ട | മലഹരി | മലഹരി | സാരംഗം |
| 4. | ത്യജ സുമുഖാകുലഭാവം | ഗാംബോധി | കാംബോജി | കാംബോജി | കാംബോജി | കാംബോജി<br>ദേവഗാന്ധാരി |
| 5. | ഗുരുഗൃഹാന്നിജഗൃഹാൻ | ഭൈരവി | ഭൈരവി | – | – | പന്തുവരാളി |

സ്വർഗ്ഗാരോഹണം

| പദം | തുടക്കം | ശാസ്ത്രി | ഗ്രന്ഥം | ഇളയത് | ആട്ടപ്രകാരം | 1989ൽ |
|---|---|---|---|---|---|---|
| 1. | ജയജയ രമാരമണ | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | കാനക്കുറുഞ്ഞി | നാട്ടക്കുറുഞ്ഞി |
| 2. | സ്വകുലം മുരഹര | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | സാമന്തമലഹരി | സാവേരി<br>കല്യാണി |
| 3. | നനു സഖേ മനുജ | ആഹിരി | ആയിരി | ആഹിരി | ആഹിരി | തോഡി |
| 4. | വിധാനായേഹ | കേദാര | കേദാരഗൗഡം | കേദാരഗൗളം | കേദാരഗൗള | കേദാരഗൗള |
| 5. | പ്രിയസഖ മുഖ | ഘണ്ടാരം | ഘണ്ടാരാഗം | ഘണ്ടാരം | ഘണ്ടാരം | ഭൈരവി |
| 6. | ഇഹ വിവേക വിരഹിതസ്യ | ഗാംബോധി | കാംബോദരി | ഗാംബോധി | ഗാംബോധി | കാംബോജി<br>ശ്രീ |
| 7. | സമവധാരിതം | ഇന്ദളം | ഇന്ദളം | ഇന്ദളം | ഇന്ദളം | ബിലഹരി<br>ദേവഗാന്ധാരി |
| 8. | കേളീലോല | | | | | മദ്ധ്യമാവതി |